## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2391 05.02.2018-ലെ മറുപടിയ്ക്ക്

## എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം നിർമ്മിക്കുന്ന പദ്ധതിയുടെ വിശദമായ ഡി.പി.ആർ. സ്പോർട്സ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; | (എ) | 2016-17 സാമ്പത്തിക വർഷം ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു സ്റ്റേഡിയം തയ്യാറാക്കുന്നതിന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുന്നു. 25 സ്റ്റേഡിയങ്ങളിൽ 11 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. മറ്റ് സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ കിറ്റ്കോ (എസ്.പി.വി) സ്വീകരിച്ച് വരുന്നു. |
| (ബി) | മിനിസ്റ്റേഡിയം നിർമ്മാണം ഏതൊക്കെ സ്ഥലങ്ങളിൽ ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | മിനി സ്റ്റേഡിയം നിർമ്മാണം ആരംഭിച്ചിട്ടില്ല. കിഫ്ബി അംഗീകാരം ലഭിച്ച 11 സ്റ്റേഡിയങ്ങളിൽ 9 എണ്ണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | ഈ പദ്ധതിക്കായി കിഫ്ബിയിൽ നിന്നും എന്ത് ധനസഹായം ഇതുവരെ ലഭിച്ചുവെന്നും അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ ധനസഹായം ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**